"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ജോജി ജോണിനെതിരെയുള്ള - അച്ചടക്ക നടപടി- ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

G.O.(Rt)No.585/2022/F&WLD തീയതി,തിരുവനന്തപുരം, 31-12-2022

---

പരാമർശം:- 1.പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റ(വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)-റുടെ 25.06.2021-ലെ VE- 10/990/21 നമ്പർ കത്ത്.

2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 27.11.2021-ലെ ബി8-4283/2021 നമ്പർ കത്ത്.

3. 17.12.2021 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 418/2021/വനം നമ്പർ ഉത്തരവ്.

4. 10.03.2022-ലെ FWLD-A2/190/2021 നമ്പർ കുറ്റപത്രം / കുറ്റാരോപണ പത്രിക.

5. 26.02.2022 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 73/2022/വനം നമ്പർ ഉത്തരവ്.

6. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 28.11.2022-ലെ ബി8-4283/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരളത്തിലെ വയനാട് ജില്ലയിലെയും മറ്റ് സ്ഥലങ്ങളിലെയും അസൈൻഡ് എൽ.എ. (Assigned LA Patta Land) പട്ടയത്തിൽപ്പെട്ടതും അല്ലാത്തതുമായ ഭൂമികളിൽ നിന്നും വ്യാപകമായ തോതിൽ ഷെഡ്യൂൾഡ് / റിസർവ്ഡ് മരങ്ങൾ മുറിച്ച കടത്തിയതു സംബന്ധിച്ച് സമൂഹ - പത്രമാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ വനം വിജിലൻസ് വിഭാഗം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച നടത്തിയ അന്വേഷണത്തിൽ അടിമാലി, നേര്യമംഗലം റെയിഞ്ചുകളിലെ എൽ.എ. പട്ടയത്തിൽപ്പെട്ടതും അല്ലാത്തതുമായ ഭൂമികളിൽ നിന്നും റവന്യൂ അധികാരികളുടെ റിപ്പോർട്ടിന്റെ ആധികാരികത പരിശോധിക്കാതെയും ചില അപേക്ഷകളിൽ റവന്യൂ അധികാരികളുടെ റിപ്പോർട്ടില്ലാതെയും സർക്കാർ വക ഈട്ടി, തേക്ക് ഇനത്തിൽപ്പെട്ട മരങ്ങൾ മുറിച്ച കടത്തിക്കൊണ്ടു പോകുവാൻ അടിമാലി നേര്യമംഗലം

റെയിഞ്ചുകളിൽ നിന്നും അനധികൃതമായി പാസ്സുകൾ നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. മേൽ കൃത്യത്തിന് അടിമാലി റെയിഞ്ചിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും നേര്യമംഗലം റെയിഞ്ചിന്റെ അധിക ചുമതല വഹിക്കുകയും ചെയ്ത ശ്രീ.ജോജി ജോൺ ഉത്തരവാദിയാണെന്ന് പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീ. ജോജി ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിയ്ക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ ആരോപണങ്ങൾ ഗൗരവമേറിയതും പ്രഥമദൃഷ്ട്യാ കഴമ്പുള്ളതുമാണെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ കൃത്യവിലോപവും അനാസ്ഥയും കാട്ടിയെന്ന് കണ്ടെത്തിയ സാഹചര്യവും, ക്രിമിനൽ കേസ് വിചാരണ നിലവിലുള്ള സാഹചര്യവും പരിഗണിച്ച് ടിയാൻ സർവീസിൽ തുടരുന്നത് യുക്തമല്ല എന്ന് കണ്ടതിനാൽ ശ്രീ.ജോജി ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ പരാമർശം (3) പ്രകാരം സസ്പെൻഡ് ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

തുടർന്ന് പരാമർശം (4) പ്രകാരം ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു. മേൽ സസ്പെൻഷൻ ഉത്തരവിനെതിരെ ശ്രീ. ജോജി ജോൺ സമർപ്പിച്ച റിവ്യൂ ഹർജി പരാമർശം (5) പ്രകാരം നിരസിച്ചു ഉത്തരവായിട്ടുണ്ട്.

സ്വാഭാവിക നീതി ഉറപ്പു വരുത്തുന്നതിനായി ശ്രീ.ജോജി ജോണിനെ 27/12/2022 ന്നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കൽ വേളയിൽ ടിയാൻ എല്ലാ ആരോപണങ്ങളും നിഷേധിക്കുകയുണ്ടായി. കുറ്റപത്രത്തിനു ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിൽ ഉന്നയിച്ചിട്ടുള്ള വാദങ്ങൾ തന്നെയാണ് ടിയാൻ ഹിയറിങ് വേളയിലും സമർഥിച്ചിട്ടുള്ളത്. റെയിഞ്ച് ഓഫീസർ എന്ന നിലയിൽ ടിയാന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ടിയാന്റെ വാദഗതികൾ അംഗീകരിക്കാവുന്നതല്ലായെന്ന് പരാമർശം (6) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും വസ്തുതകൾ പുറത്തു കൊണ്ട് വരുന്നതിനായി ഒരു ഔപചാരികാന്വേഷണം നടത്തുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അന്വേഷണാധികാരിയായി റാന്നി ഡി.എഫ്.ഒ ശ്രീ. പി.കെ.ജയകുമാർ ശർമ്മ ഐ.എഫ്.എസിനെയും പ്രസന്റിംഗ് ഓഫീസറായി പമ്പ റെയിഞ്ച് ഓഫീസർ ശ്രീ.ജി. അജികുമാറിനെയും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

അന്വേഷണാധികാരി കർശനമായും 2 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH G R
JOINT SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ. പി.കെ.ജയകുമാർ ശർമ്മ ഐ.എഫ്.എസ്, ഡിവിഷണൽ ഫോറസ്ററ് ഓഫീസർ, റാന്നി .

ശ്രീ.ജി. അജികുമാർ, റെയിഞ്ച് ഫോറസ്ററ് ഓഫീസർ, പമ്പ.

ശ്രീ.ജോജി ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 31-12-2022 17:10:31
സെക്ഷൻ ഓഫീസർ